# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 345 14-07-2015-ൽ മറുപടിയ്ക്ക്

## സംസ്ഥാന ലോട്ടറിയുടെ തകർച്ച

| | ചോദ്യം<br><br>ശ്രീ. ബി. സത്യൻ<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. ബാബു എം. പാലിശ്ശേരി | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന തരത്തിൽ വിവിധ മേഖലകളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന മൂന്നക്കം ഉപയോഗിച്ചുള്ള 'എഴുത്ത് ലോട്ടറി' എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തിരം നമ്പർ നൽകുന്ന ലോട്ടറി എന്നിങ്ങനെ സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കു തന്നെ കാരണമാകുന്ന നിയമവിരുദ്ധ ലോട്ടറികളെ സംബന്ധിച്ചുള്ള നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന ഒന്നാണ് കേരള സംസ്ഥാന ഭാഗ്യക്കുറി. സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ |

| | | | |
|---|---|---|---|
| | | | പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ ലോട്ടറി വ്യവസായത്തെ ഉപജീവനമാക്കി ജീവിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാരുടെ ജീവിതത്തെയും കാരുണ്യ പദ്ധതിപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കാനിടയാകും. |
| സി) | സംസ്ഥാന ലോട്ടറിയുടെ വ്യാജടിക്കറ്റുകൾ വിറ്റഴിക്കൽ, ടിക്കറ്റുകൾ ചൂതാട്ടങ്ങൾക്ക് ഉപയോഗപ്പെടുത്തൽ തുടങ്ങി ലോട്ടറിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) | സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വിറ്റഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനാർഹങ്ങളായ നമ്പർ ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ലോട്ടറി ഏജന്റുമാരെ കബളിപ്പിക്കുന്നതായി ലഭിക്കുന്ന പരാതികളും, ടിക്കറ്റ് ചൂതാട്ടങ്ങളെക്കുറിച്ചുള്ള പത്രവാർത്തകളും അനന്തര നടപടികൾക്കായി ഇന്റലിജൻസ് എ.ഡി.ജി.പി. മേധാവിയായിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് തുടർ നടപടി സ്വീകരിക്കുന്നതിനായി അയച്ചുകൊടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.